# കേരള കാർഷിക സർവ്വകലാശാല

കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര.

## കാർഷിക നിർദ്ദേശക ബുള്ളറ്റിൻ

## എറണാകുളം

**E mail: kauagmet@yahoo.co.in, cohagmet@kau.in**

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എ.എസ് 42/17, വെള്ളിയാഴ്ച്ച** **തീയ്യതി 20.10.2017**

**അടുത്ത 5 ദിവസത്തേക്കു കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 21.10.2017 | 22.10.2017 | 23.10.2017 | 24.10.2017 | 25.10.2017 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 10 | 18 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| മേഘവ്യാപ്തി (ഒക്ട) | 6 | 8 | 4 | 4 | 4 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 85 | 85 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 60 | 60 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/ മണിക്കൂർ ) | 14 | 14 | 14 | 14 | 14 |
| കാറ്റിന്റെ ദിശ ( ഡിഗ്രി) | 250 | 270 | 270 | 270 | 270 |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം/ രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (ജ്യോതി, കാഞ്ചന) | ഓലചുരുട്ടിപ്പുഴു | മുണ്ടകൻ കൃഷി ആരംഭിച്ച നെൽപ്പാടങ്ങളിൽ ഓലചുരുട്ടിപ്പുഴുവിന്റെ ആക്രമണം കാണാനിടയുണ്ട്. ഫെയിം 2 മില്ലി 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| തെങ്ങ് | ചെമ്പൻ ചെല്ലി | തെങ്ങുകളിൽ ചെമ്പൻ ചെല്ലിയുടെ ആക്രമണം കണ്ടു വരുന്നു. പ്രതിരോധ നടപടിയായി ഇമിഡാ ക്ലോപ്രിഡ് 1 മില്ലി 10 ലിറ്റർ വെള്ളത്തിൽ കലക്കി കൂമ്പിൽ ഒഴിച്ച് കൊടുക്കുക. |
| വാഴ | എർവിനിയ റോട്ട് | നീർവാർച്ച സൗകര്യം മെച്ചപ്പെടുത്തുക. വാഴത്തടത്തിൽ കുമ്മായം ഇടുന്നതും, നീർച്ചാലുകളിൽ ബ്ലീച്ചിങ്ങ് പൗഡർ ഇടുന്നതും നല്ലതാണ്. 20 ഗ്രാം സ്യൂഡോമോണാസ് ഫ്ളൂറസൻസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിയ ലായനി മണ്ണ് കുതിരത്തക്ക വണ്ണം, വാഴയ്ക്ക് ചുറ്റും ഒഴിക്കുന്നത് രോഗപ്രതിരോധശേഷി വർധിപ്പിക്കും. രോഗം ബാധിച്ചാൽ 5 ഗ്രാം ബ്ലീച്ചിങ്ങ് പൗഡർ അല്ലെങ്കിൽ 3 ഗ്രാം ഓക്സിക്ലോറൈഡ് അല്ലെങ്കിൽ 2 ഗ്രാം കോപ്പർ ഹൈഡ്രോക്സൈഡ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ചേർത്ത് തയ്യാറാക്കിയ ലായനി മണ്ണ് കുതിരത്തക്ക വണ്ണം, വാഴയ്ക്ക് ചുറ്റും ഒഴിക്കണം. രോഗം രൂക്ഷമായ വാഴകൾ വെട്ടിമാറ്റി നശിപ്പിക്കുകയും, ആ കുഴിയിൽ കുമ്മായം അല്ലെങ്കിൽ ബ്ലീച്ചിങ്ങ് പൗഡർ ഇടുകയും ചെയ്യുക. |
| മൃഗസംരക്ഷണം | കന്നുകാലികളിലെ അകിടുവീക്കം തടയുന്നതിന് തൊഴുത്തിൽ ശുചിത്വം പാലിക്കേണ്ടതും കറവയ്ക്കു മുമ്പായി അകിടും കറവക്കാരന്റെ കൈകളും കഴുകേണ്ടതുമാണ്. (CAADECS, KVASU, Mannuthy) | |